**കേരള സർക്കാർ**

സംഗ്രഹം

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്—സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് (Economically Weaker Sections) നിയമനങ്ങളിൽ 10% സംവരണം നടപ്പിലാക്കുന്നത്—മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തികകാര്യ (ബി. പി. ഇ.) വകുപ്പ്

സ. ഉ. (കൈ.) നമ്പർ 5/2020/പ്ലാനിംഗ്. *തിരുവനന്തപുരം, 2020 മാർച്ച് 4.*

പരാമർശം:— (1) 12-3-2019-ലെ സ. ഉ. (എംഎസ്.) നമ്പർ 5/2019/ഉ.ഭ.പ.വ.

(2) 14-3-2019-ലെ സ. ഉ. (എംഎസ്.) നമ്പർ 52/2019/പൊ.ഭ.വ.

(3) 3-1-2020-ലെ സ. ഉ. (പി.) നമ്പർ 1/2020/ഉ.ഭ.പ.വ.

(4) 12-2-2020-ലെ സ. ഉ. (എംഎസ്.) നമ്പർ 2/2020/ഉ.ഭ.പ.വ.

(5) 3-3-2020-ലെ സ. ഉ. (എംഎസ്.) നമ്പർ 5/2020/ഉ.ഭ.പ.വ.

ഉത്തരവ്

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നവിധം, മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മുൻ നിയമ വകുപ്പ് സെക്രട്ടറിയും റിട്ട. ജഡ്ജിയുമായ ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായും, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ അഡ്വ. എം. രാജഗോപാലൻ നായർ മെമ്പറായും ഒരു കമ്മീഷനെ പരാമർശം (1) പ്രകാരം സർക്കാർ നിയമിച്ചിരുന്നു.

GCPT. 3/934/2020/S-19.

Scanned by CamScanner

2. കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് 31-12-2019-ലെ ന്ത്രിസഭായോഗം പരിഗണിക്കുകയും അതിലെ ശിപാർശകൾ നിയമവകുപ്പ് ർദ്ദേശിച്ച ഭേദഗതിയോടെ അംഗീകരിക്കുകയും തുടർനടപടികൾ ീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും യ്തുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിൻപ്രകാരം ർക്കാർ വകുപ്പുകളിലെ നിയമനങ്ങൾക്ക് മുന്നാക്കക്കാരിലെ സാമ്പത്തികമായി ന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം ർപ്പെടുത്തിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

3. സംസ്ഥാനത്ത് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം ൽക്കുന്നവർക്ക് (Economically Weaker Sections) ഭരണഘടനയുടെ 6), 16(6) എന്നീ അനുച്ഛേദങ്ങൾ പ്രകാരം അർഹമായ 10% സംവരണം ർപ്പെടുത്തുന്നതിന്റെ ഭാഗമായി മുന്നാക്കക്കാരിലെ സാമ്പത്തികമായി ന്നാക്കം നിൽക്കുന്നവരെ (Economically Weaker Sections) ണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ ർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ ാപനങ്ങളിലെ ഇത്തരം വിഭാഗങ്ങളെ നിർണ്ണയിക്കുന്നതിനായി ചുവടെ ർക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി ഉത്തരവ് ാപ്പെടുവിക്കുന്നു:—

1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ (ദത്തെടുത്ത കുട്ടികൾ ഉൾപ്പെടെ) എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു.

Scanned by CamScanner

3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക രൂപയോ, അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷ വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയു മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്:—

1. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളി പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നു കാർഷിക വരുമാനം.
2. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.
3 കുടുംബ പെൻഷൻ.
4. തൊഴിലില്ലായ്മ വേതനം.
5. ഉത്സവബത്ത.
6. വിരമിക്കൽ ആനുകൂല്യങ്ങൾ.
7. യാത്രാബത്ത.

4. അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായ പ്രദേശങ്ങളിലാണെങ്കിൽ 2.5 ഏക്കറിലും, മുനിസി പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും മുനിസിപ്പൽ കോർപ്പറേ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

5. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും മുനിസിപ്പൽ അല്ലെങ്ക മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷക കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭുവിസ്ത 2.5 ഏക്കറിൽ അധികരിക്കുവാൻ പാടില്ല.

6. മുനിസിപ്പൽ പ്രദേശങ്ങളിലും മുനിസിപ്പൽ കോർപ്പറേ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വ ഉണ്ടെങ്കിൽ അതിന്റെ ആകെ ഭുവിസ്തൃതി 75 സെന്റ് അധികരിക്കാൻ പാടില്ല.

Scanned by CamScanner

7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.

8. 'ഭൂമി' (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.

9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല. കുടുംബത്തിന് ഒന്നിലധികം ഹൗസ് പ്ലോട്ട് കൈവശമുണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്തായിരിക്കും പ്ലോട്ടിന്റെ വിസ്തൃതി കണക്കാക്കുക. കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ട് ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില്ല.

'ഹൗസ് പ്ലോട്ട്' എന്നാൽ വീട് നിൽക്കുന്നതോ, വീട് നിർമ്മിക്കാൻ കഴിയുന്നതോ ആയ ഭൂമി എന്നർത്ഥം.

10. Anthyodaya Annayojana (AAY)/Priority House Holds (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർ മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യത്തിന് അർഹരാണ്. അതിലേക്കായി ഈ വിഭാഗത്തിലുള്ള അപേക്ഷകർ പ്രസ്തുത വിഭാഗങ്ങൾക്കായി നൽകിയിട്ടുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഇതോടൊപ്പമുള്ള മാതൃകയിൽ വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് (Annexure I).

11. Income & Assets Certificate നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ വരുമാനമാണ് അടിസ്ഥാനമാക്കേണ്ടത്.

Scanned by CamScanner

12. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ നിശ്ചിത അപേക്ഷാഫോറത്തിൽ സത്യവാങ്മൂലമായി അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.

13. 'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, ഇത് സർക്കാരിന്റെ അനുമതിയോടുകൂടി പൊതുമേഖലാ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡിന് ഉചിതമെന്ന് തോന്നുന്ന തുടർനടപടിക്ക് വിധേയമാക്കാവുന്നതുമാണ്.

14. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള നിയമന ഉത്തരവിൽ നിയമനാധികാരി ചുവടെ ചേർക്കുന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്:—

"ഇപ്രകാരമുള്ള നിയമനം താത്ക്കാലികം (Provisional) ആയിരിക്കുന്നതും വരുമാനവും ആസ്തിയും തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ ഉചിതമാർഗ്ഗേണയുള്ള പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതുമാണ്. 'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്നപക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, വ്യാജ സാക്ഷ്യപത്രം ഹാജരാക്കിയതിന് ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്."

15. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിൽ Income & Assets Certificate നൽകേണ്ടത് അതത് വില്ലേജ് ഓഫീസർമാരാണ് (Annexure II).

Scanned by CamScanner

16. മേൽ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

17. മേൽ വിഷയത്തിൽ പുനഃപരിശോധന ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

18. പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്ന് വർഷം കൂടുമ്പോഴും പുനഃപരിശോധിക്കുന്നതും, ആവശ്യമുള്ളപക്ഷം ഭേദഗതി വരുത്തുന്നതുമായിരിക്കും.

19. സാമ്പത്തിക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുകയോ അല്ലെങ്കിൽ അതിലേക്കായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. പരാതികൾ പരിഹരിച്ചത് സംബന്ധിച്ച ആനുകാലിക റിപ്പോർട്ടുകൾ പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

20. പൊതുവിഭാഗത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള നികത്തപ്പെടാത്ത ഒഴിവുകൾ സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആറ് മാസത്തെ പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21. പൊതുവിഭാഗത്തിലെ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ പൊതുഭരണ (ഏകോപന) വകുപ്പിൽ രൂപീകരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട പരാതികൾ/ഹർജികൾ ടി സെൽ തീർപ്പു കൽപ്പിക്കേണ്ടതുമാണ്.

Scanned by CamScanner

22. വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുടെ മാതൃക സംബന്ധിച്ച് റവന്യൂ വകുപ്പ്/ലാന്റ് റവന്യൂ കമ്മീഷണർ തീരുമാനം കൈക്കൊള്ളേണ്ടതും, ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ ചെയ്യേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് അടിയന്തിരമായി പുറപ്പെടുവിക്കുന്നതാണ്.

23. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന സംവരണം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട നിയമന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം അതാതു ഭരണ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

24. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള (Economically Weaker Sections) സംവരണ ആനുകൂല്യത്തിന് പരാമർശം (3)-ലെ ഉത്തരവ് തീയതിയായ 3-1-2020 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. എ. ജയതിലക്, IAS,
*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

Scanned by CamScanner

എല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാർക്കും, സി.ഇ.ഒ.മാർക്കും.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

പൊതുഭരണ (ഏകോപന) വകുപ്പ്.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

Scanned by CamScanner

ANNEXURE I

Office of the..........................................

Date.......................

## CERTIFICATE TO BE PRODUCED BY THE APPLICANTS BELONGING TO ANTHYODAYA ANNAYOJANA (AAY) AND PRIORITY HOUSE HOLD (PHH) CATEGORY

[Vide G. O. (Ms.) No. 5/2020/P&EA dated 4-3-2020]

This is to certify that Shri/Smt./Kumari...................................................................................
Son/daughter/wife of....................................................................................is a permanent
resident of ..........................................................................................................................
...............................................................(H.E. address)......................................................
Village..........................................................District, Kerala State, whose photograph is affixed below, is a member of Anthyodaya Annayojana (AAY)/Priority House Hold (PHH) and that his/her name is included in the Ration Card issued under this category and that he/she does not belong to a caste/class recognized as Scheduled Castes, Scheduled Tribes or Other Backward Classes in the State and therefore he/she belongs to Economically Weaker Sections in General Category.

| Recent passport size Photograph of the applicant |
|---|

Signature..............................................

Name..................................................

Designation..........................................

(*Seal*)

Scanned by CamScanner

ANNEXURE II

## INCOME AND ASSETS CERTIFICATE TO BE PRODUCED BY ECONOMICALLY WEAKER SECTIONS (EWSs) IN GENERAL CATEGORY

Certificate No. ............................ Date................................

This is to certify that Shri/Smt./Kumari.................................................................
Son/daughter/wife of.................................................................................................
is a permanent resident of..........................................................................................
.........................................................................................................(H.E. address)
......................................................Village..........................................................Taluk
.........................................................................................................District in Kerala,
Pin code..........................whose photograph is affixed below, belongs to Economically Weaker Sections in General Category (*) and that his/her family income is at Rs. ................................................................................................
(in words also) for the financial year..............................and that his/her family does not own or possess assets exceeding the limit specified in G.O. (Ms.) No.5/2020/P&EA, dated 4-3-2020 and that he/she belongs to.............................................caste/community/class which is not recognized as a Scheduled Caste, Scheduled Tribe or Other Backward Class as listed in List I, II and III in the Schedule to Rule 2 Part I, KS & SS Rs 1958.

| Recent Passport size Photograph of the Applicant |

Signature with Office Seal..............................

Name..........................................................

Designation...................................................

(*) General Category means and includes all Castes, Communities and Classes of citizens other than Scheduled Castes, Scheduled Tribes and Other Backward Classes.

Scanned by CamScanner